LIBRARY ARCHIVES Kerala Legislative Assembly

പരപ്പനങ്ങാടി ചെട്ടിപ്പടി റെയിൽവേ മേൽപ്പാലം

97(707) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടി ചെട്ടിപ്പടി റെയിൽവേ മേൽപ്പാലത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) പ്രസ്തുത മേൽപ്പാലത്തിന്റെ നിർമ്മാണം ആരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) ഉണ്ട്. ചേളാരി-ചെട്ടിപ്പടി റെയിൽവേ മേൽപ്പാലം (പരപ്പനങ്ങാടി ചെട്ടിപ്പടി ആർ.ഒ.ബി.) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി 27-9-2016-ലെ G.O. (Rt) No. 1324/2016/PWD ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്ത് കരാർ ആയിട്ടുണ്ട്. 12 മാസമാണ് നിർമ്മാണ കാലാവധി. ഡിസൈൻ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികളും മണ്ണ് പരിശോധനയും പൂർത്തിയാക്കി ഡ്രോയിംഗ്സ് പരിശോധനയ്ക്കായി Madras IIT-ക്ക് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പിലെ അവസാനത്തെ ഭൂമി 16-6-2021-ന് മാത്രമാണ് കൈമാറിക്കിട്ടിയത്. തുടർന്ന് കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് ടെണ്ടർ വിളിച്ച് വർക്ക് ഓർഡർ നൽകിയെങ്കിലും കരാറുകാരൻ തുക ഡെപ്പോസിറ്റ് ചെയ്യാൻ തയ്യാറായിട്ടില്ല. ആയതിനാൽ വീണ്ടും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽപ്പാലത്തിന്റെ അലൈൻമെന്റ് "Silver line" പദ്ധതിയിൽ ഉൾപ്പെട്ടതായതിനാൽ അലൈൻമെന്റിൽ രൂപമാറ്റം ആവശ്യമാണെന്ന് KRDCL അറിയിച്ചിട്ടുണ്ട്. പദ്ധതി ആരംഭിച്ചതിനാൽ അലൈൻമെന്റിൽ മാറ്റം വരുത്തുന്നത് ബുദ്ധിമുട്ടായിരിക്കുമെന്ന് ആർ.ബി.ഡി.സി.കെ. KRDCL-നെ അറിയിച്ചിട്ടുണ്ട്.

പരപ്പഴ പാലം പുനർനിർമ്മാണം

98(708) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ അമല-പാവറട്ടി റോഡിലെ പരപ്പഴ പാലം പുനർനിർമ്മിക്കുന്നതിനുള്ള അടങ്കൽ തുക എത്രയാണ്?

387 ലക്ഷം രൂപ

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ?

പൈൽ കാസ്റ്റിംഗ് വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. പിയർ ഫൈലൻഡ് നിർമ്മാണം പുരോഗമിക്കുന്നു.

(സി) പരപ്പുഴ പാലത്തിന്റെ സർവ്വീസ് റോഡ് പൊളിച്ചുമാറ്റിയതെന്നാണ്?

2021 ജൂൺ 5.

(ഡി) സർവ്വീസ് റോഡ് പൊളിച്ചുമാറ്റാനുണ്ടായ സാഹചര്യം അറിയിക്കാമോ?

ടൗട്ടെ ചുഴലിക്കാറ്റ് കാരണമുണ്ടായ ന്യൂനമർദ്ദംമൂലം ശക്തമായ മഴയുണ്ടായതിനാൽ പുഴയിലൂടെ വെള്ളത്തിന്റെ ഒഴുക്ക് ക്രമാതീതമായി ഉയർന്ന സാഹചര്യത്തിൽ എളവള്ളി പഞ്ചായത്തിലെ നിവാസികൾ വെള്ളക്കെട്ട് ഭീഷണി നേരിടുന്ന പശ്ചാത്തലത്തിൽ പരപ്പുഴയ്ക്കുകുറുകെ സ്ഥാപിച്ച താൽക്കാലിക ബണ്ട് പൊളിച്ച് നീക്കംചെയ്യുന്നതിനായി ജില്ലാകളക്ടറുടെ നിർദ്ദേശപ്രകാരം ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് താൽക്കാലിക ബണ്ട് നീക്കം ചെയ്തത്.

(ഇ) സർവ്വീസ് റോഡ് പൊളിച്ചുമാറ്റിയതിനാലുണ്ടാകുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള താൽക്കാലിക സംവിധാനങ്ങളും നടപടികളും എന്തൊക്കെയാണ്?

യാത്രാക്ലേശം ഒഴിവാക്കാനായി രണ്ട് സംവിധാനങ്ങൾ ഏർപ്പാടാക്കാൻ ശ്രമം നടക്കുന്നു.

(i) പൊതുമരാമത്ത് ഡിസൈൻ വിംഗുമായി ബന്ധപ്പെട്ട് താൽക്കാലിക സ്റ്റീൽ പാലത്തിന്റെ രൂപ രേഖ തയ്യാറാക്കുന്ന നടപടി പുരോഗമിക്കുന്നു.

(ii) പിയർ ഫൈലന്റുകൾ നിർമ്മിച്ച് അവ തമ്മിൽ ബന്ധിപ്പിച്ച് ഒരു സ്റ്റീൽ നടപ്പാത നിർമ്മിക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

(എഫ്) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

പ്രവൃത്തിയുടെ പൂർത്തീകരണ തീയതി സെപ്റ്റംബർ 2021 ആണെങ്കിലും പ്രതികൂല സാഹചര്യങ്ങൾമൂലമുണ്ടായ കാലതാമസം കണക്കിലെടുത്ത് 2022 മാർച്ച് 31-നുള്ളിൽ പൂർത്തീകരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly